മിസ്റ്റർ പി. വി. റാഫേൽ: എന്താണു ചെയ്യേണ്ടതു്, കൊടുത്തുപോയില്ലേ?

മിസ്റ്റർ പി. കെ. കൃഷ്ണൻ: ഈ രണ്ടു സ്ഥാനങ്ങളും പുലയക്കു കിട്ടേണ്ടതല്ലേ?

മിസ്റ്റർ പി. വി. റാഫേൽ: അതു കൊടുത്തുകഴിഞ്ഞില്ലേ?

മിസ്റ്റർ എ. വി. മൂത്തേടൻ: പറയക്കു് എത്രശതമാനമുണ്ടു്?

മിസ്റ്റർ പി. വി. റാഫേൽ: അവർ ഡിപ്രസ്ഡ്ക്ലാസ്സിൽപ്പെട്ടവരാണു്.

Mr. President: Pulayas form a separate classification. Parayas come under "Backward or Depressed" like the Padannas.

KANJIRAMITTAM AND ARAKKUNNAM L. S. SCHOOLS—REFUSAL OF ADMISSION TO DEPRESSED CLASSES PUPILS

242. മിസ്റ്റർ പി. കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവു മറുപടി പറയുമോ.—

(എ) കാഞ്ഞിരമിറ്റം, ആരക്കുന്നം എന്നിവിടങ്ങളിലെ ലോവർ സെക്കണ്ടറി സ്കൂളുകളിൽ ചേർന്നു പഠിക്കുവാൻ ചെന്നിരുന്ന അധഃകൃതവിദ്യാർത്ഥികളിൽ ആക്കൊക്കിലും സ്കൂൾ അധികൃതന്മാർ പ്രവേശനം (admission) നിഷേധിക്കുകയുണ്ടായിട്ടുള്ളതായി ബഹുമാനപ്പെട്ട ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ചു് എന്തു നടപടികളാണു ബഹുമാനപ്പെട്ട ഗവൺമെണ്ടു് എടുത്തിട്ടുള്ളതു് എന്നു ദയവു അറിയിക്കുമോ;

(സി) പ്രവേശനം അനുവദിക്കാതിരുന്നിട്ടുണ്ടെങ്കിൽ കാരണം എന്തു്?

റാവു സാഹിബ് ഐ. എൻ. മേനോൻ:

(എ) ഇല്ല. കാഞ്ഞിരമിറ്റം, ആരക്കുന്നം എന്നീ ലോവർ സെക്കണ്ടറി സ്കൂളുകളിൽ ഇക്കൊല്ലം അധഃകൃതവിദ്യാർത്ഥികൾക്കു പ്രവേശനം (admission) നിഷേധിക്കുകയുണ്ടായിട്ടില്ല.

(ബി) & (സി) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇക്കൊല്ലത്തിനുമുമ്പു് അനുവദിച്ചിട്ടുണ്ടോ?

റാവുസാഹിബ് ഐ. എൻ. മേനോൻ: ഒരുകൊല്ലം കഴിഞ്ഞാൽ ഇതിനെപ്പറ്റിയുള്ള റിക്കാർഡുകളൊക്കെ നശിപ്പിച്ചുകളയും, അതുകൊണ്ടു പറയാൻ നിവൃത്തിയില്ല.

MAHARAJA'S COLLEGE—FEE CONCESSIONS TO DEPRESSED CLASS PUPILS—SCOPE OF

243. മിസ്റ്റർ പി. കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവായി മറുപടി പറയുമോ.—

എറണാകുളം മഹാരാജാസ് കോളേജിൽ ഉപരിപഠനാർത്ഥം അധഃകൃതവിദ്യാർത്ഥിനീവിദ്യാർത്ഥികൾക്കു് അഡ്മിഷൻ ഫീസ്സു

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങി മൂന്നുനാലുറപ്പികമാത്രം ഇളവുചെയ്യാതെ വിട്ടിട്ടുണ്ടോ ?

റാവു സാഹിബ് ഐ. എൻ. മേനോൻ : അഡ്മിഷൻ ഫീസ്സോ സാധാരണ നിരക്കുഫീസ്സോ അധഃകൃതവിദ്യാർത്ഥിനീവിദ്യാർത്ഥികളിൽ നിന്നും വസൂലാക്കാറില്ല. എന്നാൽ യൂനിവേഴ്സിറ്റിക്കു ചെല്ലേണ്ടതായ മെട്രിക്കുലേഷൻ റജിസ്ട്രേഷൻ ഫീയും, കോളേജ് കലണ്ടർ, ലൈബ്രറി കാറ്റലോഗ് എന്നിവകളുടെ വിലയും കോളേജുമാസികയുടെ വരിസംഖ്യയും മാത്രം പിരിക്കാവുണ്ട്.

മിസ്റ്റർ പി. കെ. കൃഷ്ണൻ : ഈ ഒരു ചെറിയ സംഖ്യ അവർക്ക് ഒഴിവാക്കിക്കൊടുക്കുവാൻ ദയവുണ്ടാകുമോ ?

റാവുസാഹിബ് ഐ. എൻ. മേനോൻ : യൂണിവേഴ്സിറ്റിക്കുള്ള മെട്രിക്കുലേഷൻ റജിസ്ട്രേഷൻ ഫീസ്സു കുറക്കുവാൻ ബുദ്ധിമുട്ടുണ്ട്. അതു് ഇളവുചെയ്തുകൊടുക്കണമെങ്കിൽ ഗവൺമെണ്ടിന്റെ കയ്യിൽനിന്നും ആ സംഖ്യ യൂണിവേഴ്സിറ്റിക്കു കൊടുക്കേണ്ടിവരും. അതിനു നിവൃത്തിയില്ല. ബാക്കിയുള്ളതൊക്കെ ഇളവുചെയ്തുകൊടുത്തിട്ടുണ്ട്.

മിസ്റ്റർ പി. കെ. കൃഷ്ണൻ : അവർക്കു ഫീസെല്ലാം കൊടുക്കുന്നതു ഗവൺമെണ്ടിൽനിന്നല്ലെ ?

റാവുസാഹിബ് ഐ. എൻ. മേനോൻ : യൂണിവേഴ്സിറ്റിക്കു കൊടുക്കുന്ന ഫീസ്സ് ഒഴിവാക്കിക്കൊടുക്കണമെന്നു പറഞ്ഞാൽ യൂണിവേഴ്സിറ്റിക്കു ഗവൺമെണ്ടിൽനിന്നും കൊടുക്കേണ്ടിവരും.

Mr. K. R. Viswambharan *(Ezhuvas-Talappalli):* May I know whether the Government are not paying the examination fees due to the University on behalf of these students ?

Rao Sahib I. N. Menon *(Director of Public Instruction):* I want notice.

Mr. K. Karunakaran Nayar *(Principal, Maharaja's College):* The Protector remits the amount.

Mr. K. R. Viswambharan *(Trichur-South):* May I know, Sir, whether the Government has any objection to move the University authorities in the matter so that these students may be exempted?

Rao Sahib I. N. Menon *(Director of Public Instruction):* Unless there is some sort of jesture from the University Syndicate or other academic body that they are inclined to show sympathetic consideration to the backward and Depressed Classes, it would be improper on the part of this Government to raise such a question. The Backward and Depressed Classes are not confined to Cochin.

Mr. K. R. Viswambharan *(Ezhuvas-Talappalli):* Are there not members in the Syndicate from our State ?

Mr. K. Karunakaran Nayar *(Principal, Maharaja's College):* Yes. The position is this. The examination fees remitted by students belonging to the Depressed Classes is refunded

LIBRARY ARCHIVES Kerala Legislative Assembly

by the University at a later stage. If they belong to particular communities of the Depressed Classes, recognised by the University, it is refunded and is passed on to the Protector.

മിസ്റ്റർ ടി. കെ. നായർ: ഈ സംഖ്യ എങ്ങിനെയാണു് അവർ കൊടുക്കുന്നതു്: അവക്കുള്ള ചിലവൊക്കെ ഗവമ്മെണ്ടല്ലെ ചെയ്യുന്നതു് ?

റാവുസാഹിബ്ബു് ഐ. എൻ. മേനോൻ: സംഖ്യ കൊടുക്കുന്നതായിട്ടു പറയുന്നില്ല. ചിലതു് ഇളവുചെയ്തുകൊടുത്തിട്ടുണ്ടു്.

മിസ്റ്റർ ടി. കെ. നായർ: ഈ മൂന്നു ഇനങ്ങൾക്കു ഫീസ്സു കൊടുക്കണമെന്നു പറഞ്ഞല്ലൊ. ഇതെങ്ങിനെയാണു് അവർ കൊടുക്കുന്നതു് ?

റാവുസാഹിബ്ബു് ഐ. എൻ. മേനോൻ: പ്രിൻസിപ്പാൾ പറഞ്ഞതുപോലെ.

Mr. K. Karunakaran Nayar *(Principal, Maharaja's College):* That is later on credited to the Protector's Department.

മിസ്റ്റർ ടി. കെ. നായർ: ഇതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. ഗവമ്മെണ്ടു് അവരുടെ സ്വന്തം പ്രാരബ്ധങ്ങളും വഹിക്കുന്നുണ്ടു്. പിന്നെ എങ്ങിനെയാണു കോളേജു് കലണ്ടർ, ലൈബ്രറി കാറ്റ്ലാഗു് ഇവയ്ക്കുള്ള ഫീസ്സു് അവരിൽ നിന്നു വസൂലാക്കുന്നതു് ?

റാവുസാഹിബ്ബു് ഐ. എൻ. മേനോൻ: ഒരു കുട്ടിയെ വിദ്യ അഭ്യസിപ്പിക്കുന്നതിനു സാമാന്യമായി കൊടുക്കേണ്ടതു് എന്താണെന്നുവെച്ചാൽ അതു് അവർ കൊടുക്കേണ്ട ആവശ്യമില്ല.

മിസ്റ്റർ ടി. കെ. നായർ: ഒരു പൈപോലും കൊടുക്കുവാൻ നിവൃത്തിയില്ലാത്ത അവരോടു് ഈ ഫീസ്സു കൊടുക്കുവാൻ പറയുന്നതിൽ അർത്ഥമുണ്ടോ എന്നു ഞാൻ ചോദിക്കുന്നു.

റാവുസാഹിബ്ബു് ഐ. എൻ. മേനോൻ: ഒരു കൊല്ലം തോറ്റുകഴിഞ്ഞാൽ പിന്നെയെല്ലാം അവരുടെ കയ്യിൽനിന്നു കൊടുക്കണമെന്നു വെച്ചിട്ടുണ്ടല്ലൊ?

മിസ്റ്റർ ടി. കെ. നായർ: ശരിക്കു പഠിച്ചു ജയിച്ചുവരുന്ന കുട്ടികൾക്കു കൊടുക്കണ്ടെ? ഇത്രയൊക്കെ സഹായങ്ങൾ ചെയ്യാമെന്നുണ്ടെങ്കിൽ രണ്ടു രൂപായോ മൂന്നു രൂപായോകൂടി അവക്കു് ഇളവുചെയ്തുകൊടുക്കുവാൻ എന്താണു വഴിയുള്ളതു് എന്നു ഗവമ്മെണ്ടു നോക്കണം.

റാവുസാഹിബ്ബു് ഐ. എൻ. മേനോൻ: ഇതേവരെ ചെയ്തിട്ടുള്ളതിനുപുറ്റാപരവിരുദ്ധമായിട്ടു ചെയ്യാതിരിക്കുവാൻ വേണ്ടതു ചെയ്യണമെന്നാണു പറയുന്നതു്, അല്ലെ ?

മിസ്റ്റർ ടി. കെ. നായർ: ഇതേവരെ ഗവമ്മെണ്ടു് ചെയ്തിരുന്ന അഴിമതി നിർത്തണം. അധഃകൃതരുടെ വിദ്യാഭ്യാസത്തിനായി കൊച്ചി ഗവമ്മെണ്ടു് അനവധി ലക്ഷം ഉറുപ്പിക ചിലവാക്കുന്നുണ്ടു്. അവക്കു മെടിക്കുലേഷൻവരെ പഠിക്കുന്നതിനുള്ള സ്വന്തം സഹായങ്ങളും ഗവമ്മെണ്ടു ചെയ്തുകൊടുക്കുന്നുണ്ടു്. കോളേജിൽ എത്തിക്കഴിഞ്ഞാൽ മെടിക്കുലേഷൻ റജിസ്ട്രേഷൻ ഫീസ്സും കോളേജു് കലണ്ടർ, ലൈബ്രറി കാറ്റ്ലാഗു്, മാസികയുടെ വരിസംഖ്യ എന്നിവകളുടെ വിലയും അവർ കൊടുക്കണമെന്നു പറയുന്നതു് നിർത്തണമെന്നാണു് ഈ സഭയുടെ അടിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

Dr. A. R. Menon *(Minister for Rural Development):* Sir, I will explain. I think, to the best of my memory, we made a reference that they may be exempted from the operation of this rule. And then I put a note that in case it is not accepted, the question of paying from the department must be considered. I remember the incident distinctly. If they did not pay and this question arises I will see that the department pays it.

Mr. T. K. Nayar *(Pazhayannur):* Thank you, Sir.

മിസ്റ്റർ വി. എൻ. ദാമോദരൻ നമ്പ്യാർ: ലൈബ്രറി കാറ്റലോഗ്, കോളെജ് കലണ്ടർ ഇതുകളുടെ പണം യൂണിവേഴ്സിറ്റിക്കു കൊടുക്കണമോ?

റാവുസാഹിബ് ഐ. എൻ. മേനോൻ: വേണ്ട.

മിസ്റ്റർ വി. എൻ. ദാമോദരൻ നമ്പ്യാർ: എന്നാൽ ഇതു വിട്ടുകൊടുക്കുമോ?

റാവുസാഹിബ് ഐ. എൻ. മേനോൻ: മിനിസ്റ്റർ പറഞ്ഞതുപോലെ ഈ കാര്യത്തിൽ ഗാഢമായിട്ട് ആലോചിച്ചു വേണ്ടതു ചെയ്യാം.

Mr. K. Karunakaran Nayar *(Principal, Maharaja's College):* On a point of enlightenment I may tell Mr. Viswambharan that the refund to the Protector is made through the Principal. The Principal does not belong to the Protector's Department.

Dr. A. R. Menon *(Minister for Rural Development):* The point is this. The House should understand the whole thing. See the items—Matriculation Registration Fee, College Calendar, Library Catalogue, subscription to College Magazine. Whether they like it or not, they must pay for these things. A college student need not take the College Magazine. What harm is there? But they will compel them to purchase. My boys can't afford to purchase the College Calendar. Why should they compel them?

Mr. K. R. Viswambharan *(Ezhuvas-Talappalli):* With regard to the Hon'ble Member for College's *(Laughter)* statement, has the Cochin Government at any time represented to the University with regard to the refund or granting of concessions as regards examination fees and other fees by Depressed and Backward Classes students? Has the Government asked the University of Madras for concessions in the matter of examination and other fees due from the Backward and Depressed Class students?

Rao Sahib I. N. Menon *(Director of Public Instruction):* Not that I know of.

Mr. K. R. Viswambharan *(Ezhuvas-Trichur):* Are there rules that they should purchase the calendar?

LIBRARY ARCHIVES Kerala Legislative Assembly

Rao Sahib I. N. Menon *(Director of Public Instruction):* It is a matter of discipline. The only question is, is it necessary to have a Library Catalogue and the College Calendar. It is very desirable. Is it necessary to be a subscriber or even to read the magazine? These are all corporate activities of a University standard. From the educational standard, the only question is whether the bill should be footed by the individual students themselves or by a corporate body which is meeting all other expenditure on their behalf. From the point of view of an educationist, it is very highly desirable that these amenities should be afforded to the Depressed Class studends as well. As far as I see from the trend of discussions, what the Hon'ble Members want is that they should not be deprived of these amenities of academic life for want of money, but that the cost of these should be met from a specific Department of Uplift, and that is noted for consideration.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: സർ, കോളേജു കലണ്ടർ, കാറാലോഗ് ഇവ വാങ്ങിച്ചില്ലെങ്കിൽ കുട്ടികളെ ക്ലാസ്സിൽനിന്നു പുറത്താക്കാറുണ്ടോ?

Rao Sahib I. N. Menon *(Director of Public Instruction):* I said it is a compulsory levy.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: ഈ പുസ്തകങ്ങളൊക്കെ അടുത്തുള്ള ആളുടെ പക്കൽനിന്നു വാങ്ങിച്ചു് മടക്കി നോക്കേണ്ട ആവശ്യമല്ലെ ഉള്ളു?

Mr. K. Karunakaran Nayar *(Principal, Maharaja's College):* Every student must have a copy of the College Calendar. The question now is whether it should be given free or whether it should be paid for.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: കാറ്റലോഗ്, പുസ്തകങ്ങളുടെ പേരുവിവരം ഉള്ള ബുക്കാണ്. അതു് എപ്പോഴും നോക്കേണ്ട ആവശ്യമില്ല. ഒരു ഹോസ്റ്റലിൽ ഒന്നോ രണ്ടോ പുസ്തകങ്ങളുണ്ടെങ്കിൽ കഴിച്ചുകൂട്ടാവുന്നതാണ്. ഇതു നിർബ്ബന്ധമാക്കുന്നതു വലിയ ന്യായമല്ലെന്നു തോന്നുന്നില്ലെ?

റാവു സാഹിബു് ഐ. എൻ. മേനോൻ: ഇതു നിർബ്ബന്ധമാക്കാനുള്ള കാര്യത്തെപ്പറ്റി സംസാരിച്ചു. ഇതിനു വിരോധമുണ്ടാകുവാനുള്ള കാരണം പണം കൊടുക്കുന്നതുകൊണ്ടാണ്. അതുകൊണ്ടു് വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം അതു സൌജന്യമായി കൊടുക്കേണ്ടതിനെപ്പറ്റി ആലോചിക്കുന്നതാണെന്നു് ഇവിടെ മറുപടി പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കോളേജു കലണ്ടറിൽ Time table കൂടി ഉണ്ടോ?

Mr. K. Karunakaran Nayar *(Principal, Maharaja's College):* Yes. I have not brought a copy for you to see, as otherwise I could have fully satisfied you. All the calendars for the various departments as well as for the various subjects are given.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ : അറിയുവാൻവേണ്ടി ചോദിച്ചതാണ്. അല്ലെങ്കിൽ Time table-ന്റെ വേറെ പണം കൊടുക്കണമോ എന്നറിയുവാൻവേണ്ടിയാണ്. (ചിരി)

PHYSICAL EDUCATION—REORGANISATION OF

244. Mr. C. V. Iyyu *(Kunnamkulam):* Will Government be pleased to state.—

(*a*) whether they have received from the Government of Madras, a copy of the report of the Physical Education in the Madras Presidency ;

(*b*) whether they are aware that in their S.S.L.C. book, the Government of Madras has provided a column that the record of progress of pupils in Physical Education activities has to be entered ;

(*c*) whether such provision has been made in our S.S.L.C. books ;

(*d*) whether marks have to be put for efficiency in Physical Education for the Madras S.S.L.C. ;

(*e*) if the answer to (*b*), (*c*) and (*d*) is in the affirmative, whether the pupils seeking admission for the Madras Intermediate after passing Cochin School Final Examination will have any difficulty to get admission, since the University is the same ;

(*f*) whether Government had any consideration on the Statham Report on Physical Education referred to in (*a*) ;

(*g*) if the answer to (*f*) is in the affirmative, whether Government have taken any action to improve the physical condition of the pupils in our High Schools ;

(*h*) whether they have noted in the *Illustrated Weekly of India*, dated 13th, page 35, a picture of the physical exercises of pupils "Now common in Travancore" and a brief summary of the advancement of Physical Education in the State ;

(*i*) whether Government are aware that the Governments of Madras and Travancore have Special Officers and Advisers for supervising and organising Physical Education in their respective States ;

(*j*) whether our Government is going to reorganise system of Physical Education given to the pupils in the State on the models of Madras and Travancore ?

LIBRARY ARCHIVES Kerala Legislative Assembly